**7). Academic Progress Tracking System എന്നാലെന്താണ്, അതിന്റെ ഉപയോഗം എന്താണ് ?**

വ്യത്യസ്ത വിദ്യാഭ്യാസ യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് ഒരേ പോലെയുള്ള ഉയർന്ന പഠനനിലവാരം ഉറപ്പ് വരുത്തുന്നതിനായി രൂപീകരിച്ച അക്കാദമിക് പ്രോഗ്രസ്സ് ട്രാക്കിംഗ് സിസ്റ്റത്തിന്റെ സഹായത്താൽ കോഴ്സിന്റെ ഓരോ ഭാഗവും വിദ്യാർത്ഥികൾക്കും തുടർന്ന് അവരുടെ രക്ഷിതാക്കൾക്കും പരിശോധിക്കുവാനും ഓരോ ഭാഗവും വ്യക്തമായി പഠിച്ചതിനുശേഷം മാത്രം അടുത്ത ഭാഗം പഠിക്കുവാനും വിദ്യാർത്ഥികൾക്ക് കഴിയുന്നു. തൻമൂലം കോഴ്സിന്റെ പഠനനിലവാരം സ്ഥാപനത്തിനോടൊപ്പം തന്നെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ ഉറപ്പുവരുത്തുവാൻ സാധിക്കും

**8). കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രായോഗിക പരിശീലനം നേടുന്നതിനായി വിവിധ ഇൻഡസ്ട്രികളിൽ ഇന്റേൺഷിപ്പ് / OJT (On-The-Job-Training) നേടുന്നതിനുള്ള സപ്പോർട്ട് നൽകി വരുന്നുണ്ടോ ?**


കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രായോഗിക പരിശീലനം നേടുന്നതിനായി വിവിധ ഇൻഡസ്ട്രികളിൽ CCEK -യുടെ നേതൃത്വത്തിൽ സർട്ടിഫിക്കറ്റോടുകൂടി ഇന്റേൺഷിപ്പ് / OJT നേടുന്നതിനുള്ള അസ്സിസ്റ്റൻസ് നൽകുന്നതാണ്. ഇത്തരത്തിൽ പ്രായോഗിക പരിശീലനം നേടുന്നതിനായി വിദ്യാർത്ഥികൾ നിർബന്ധമായും ഫൈനൽ എക്സാമിനേഷനു മുൻപായി വിവിധ ഇൻഡസ്ട്രികളിൽ നിന്നും ഇന്റേൺഷിപ്പ് / OJT വിജയകരമായി പൂർത്തീകരിക്കേണ്ടതാണ്. കമ്പനികളിൽ ഇന്റേൺഷിപ്പ് / OJT-ക്ക് പോകുവാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ പ്രസ്തുത കമ്പനികൾ നിഷ്കർഷിക്കുന്ന ഫീസ്, കാലാവധി, താമസം, ഭക്ഷണം, സമയക്രമം തുടങ്ങിയ വിവിധ നിബന്ധനകൾ അനുസരിക്കുവാൻ ബാധ്യസ്ഥരായിരിക്കും. വിവിധ കമ്പനികളിലെ ഇന്റേൺഷിപ്പ് / OJT ചെയ്യുന്നതിനുള്ള ഒഴിവുകൾ അനുസരിച്ച് മാത്രമായിരിക്കും വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് / OJT-യിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുന്നത്.

**9). കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ അറിയിക്കുന്നതിലേക്കായി ഏതെങ്കിലും തരത്തിലുള്ള സപ്പോർട്ട് നൽകിവരുന്നുണ്ടോ ?**

ലോകത്താകമാനമുള്ള ഹാർഡ്വെയർ, നെറ്റ്വർക്കിംഗ്, ഫൈബർ ഒപ്റ്റിക്സ് മേഖലയിലെ വിവിധ തൊഴിലവസരങ്ങളെക്കുറിച്ച് അറിയുന്നതിനും അവ പ്രയോജനപ്പെടുത്തുന്നതിനുമായി സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ പ്ലേസ്മെന്റ് സെല്ലിലും, ജോബ് പോർട്ടലിലും കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സൗജന്യമായി രജിസ്റ്റർ ചെയ്യുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റിൽ ഗൾഫ് നാടുകളിലും മറ്റു വിദേശ രാജ്യങ്ങളിലും തൊഴിൽ നേടുവാൻ സഹായകരമായ ഓൺലൈൻ വെരിഫിക്കേഷൻ സൗകര്യം ഉള്ളതിനാൽ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിൽ ആലേഖനം ചെയ്തിട്ടുള്ള AUTHENTICATION CODE ( ID NUMBER ) ഉപയോഗിച്ച് ലോകത്തെവിടെയുമുള്ള കമ്പനികൾക്ക് സർട്ടിഫിക്കറ്റ് ഇന്റർനെറ്റിലൂടെ വെരിഫൈ ചെയ്യുവാൻ സാധിക്കുന്നതാണ്.









## കമ്പ്യൂട്ടർ ഹാർഡ്വെയർ & നെറ്റ്വർക്കിംഗ്

കമ്പ്യൂട്ടർ ഹാർഡ്വെയർ & നെറ്റ്വർക്കിംഗ് മേഖലയിലെ കമ്പ്യൂട്ടർ അസ്സംബ്ലിങ്, റിപ്പയറിംഗ്, അഡ്മിനിസ്ട്രേഷൻ മുതലായ ഓപ്പറേഷൻസിനാവശ്യമായ വിവിധ ഡിവൈസുകൾ, നിരവധി കമ്പ്യൂട്ടറുകളെ തമ്മിൽ ഇന്റർകണക്ട് ചെയ്ത് നിർമ്മിക്കുന്ന ലോക്കൽ ഏരിയ നെറ്റ്വർക്കു (LAN)കളെ മാനേജ് ചെയ്യുന്നതിനുള്ള ഡിവൈസുകൾ, വയർലെസ്സ് ഡിവൈസുകളുമടക്കം കേരളത്തിലെ തന്നെ ഏറ്റവും ഉന്നത പഠന സൗകര്യങ്ങളാണ് ഈ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സജ്ജീകരിച്ചിട്ടുള്ളത്.

## അഡ്വാൻസ്ഡ് ഫൈബർ ഒപ്റ്റിക്സ് ഇൻസ്റ്റാലേഷൻ ഡിവൈസസ്

വെറും 2 മുതൽ 8 മൈക്രോൺ മാത്രം വ്യാസമുള്ള ഫൈബർ ഒപ്റ്റിക്സ് കേബിൾ സാധാരണ കോപ്പർ കേബിളുകളെപ്പോലെ എളുപ്പത്തിൽ ജോയിന്റ് ചെയ്യുവാൻ സാധിക്കുകയില്ല. ഇത്തരം ഫൈബർ ഒപ്റ്റിക്സ് കേബിളുകളെ തമ്മിൽ ജോയിൻ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന അത്യാധുനിക ഉപകരണമാണ് സ്പ്ലൈസിംഗ് മെഷീൻ, ഫൈബർ ഒപ്റ്റിക്സ് കേബിൾ ശൃംഖലയിലെ തകരാറുകൾ കണ്ടെത്തുന്നതിനായി ഉപയോഗിക്കുന്ന ഒപ്റ്റിക്കൽ ടൈം ഡൊമെയിൻ റിഫ്ളെക്റ്റോമീറ്റർ [OTDR] എന്ന കമ്പ്യൂട്ടറൈസ്ഡ് ഉപകരണമുള്ള വിവിധ ഫൈബർ ഒപ്റ്റിക്സ് ഇൻസ്റ്റലേഷൻ എക്വിപ്മെന്റുകളിൽ ഹാന്റ്സ് ഓൺ പ്രാക്റ്റിക്കൽ എക്സ്പീരിയൻസ് ലഭിക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് വളരെ എളുപ്പത്തിൽ ഈ മേഖലയിൽ ജോലി ചെയ്യുവാൻ സാധിക്കുന്നതാണ്.

## വയർലെസ്സ് അഡ്മിനിസ്ട്രേഷൻ

ആധുനിക ഐ.ടി ലോകത്ത് ഇന്ത്യക്കകത്തും വിദേശരാജ്യങ്ങളിലുമുള്ള ഹോസ്പ്പിറ്റലുകൾ, കോളേജുകൾ, ബാങ്കിംഗ്, ടൂറിസം മേഖലകളിൽ വയർലെസ്സ് കമ്മ്യൂണിക്കേഷൻ, Wi-Fi ക്യാമ്പസ് നെറ്റ്വർക്കുകൾ സജ്ജീകരിക്കുക, വയർലെസ്സ് നെറ്റ്വർക്ക് മുഖേന ഫയലുകൾ, ഇന്റർനെറ്റ് എന്നിവ ഷെയർ ചെയ്യുക മുതലായ ടെക്നോളജിക്കൽ ഓപ്പറേഷൻസ് ചെയ്യുന്നതിനാവശ്യമായ എക്യുപ്പ്മെന്റുകളിൽ ഹാന്റ്സ് ഓൺ പ്രാക്ടിക്കൽ എക്സ്പീരിയൻസ് ലഭിക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് വളരെ എളുപ്പത്തിൽ ഈ മേഖലയിൽ ജോലി ചെയ്യുവാൻ സാധിക്കുന്നതാണ്.

**Helpline : 8606919314**

Govt. of Kerala

CENTRE FOR CONTINUING EDUCATION KERALA

# CENTRE FOR CONTINUING EDUCATION KERALA

## CCEK Skill Development Training Programme

# കേരള ഗവൺമെന്റിന്റെ ഒരു വർഷത്തെ തുടർവിദ്യാഭ്യാസ പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകൾക്ക് അഡ്മിഷൻ ആരംഭിച്ചു.

Skill India
कौशल भारत - कुशल भारत

N·S·D·C National Skill Development Corporation
Transforming the skill landscape


**കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സുകളുമായി ബന്ധപ്പെട്ട ജോബ് റോളുകൾക്കനുസൃതമായി NSDC- യുടെ കാലാകാലങ്ങളിലുള്ള വിവിധ നിബന്ധനകൾക്ക് വിധേയമായി അസെസ്മെന്റ് വിജയകരമായി പൂർത്തിയാക്കി NSDC സർട്ടിഫിക്കേഷൻ നേടുവാൻ സാധിക്കുന്നതാണ്.**

| SL. No. | Course | Course Code | Duration | Eligibility | Fee Details |
|---|---|---|---|---|---|
| 1 | **Professional Diploma in Fibre Optics & Digital Security System** (Topics: Computer Hardware, Network Fundamentals, Fibre Optics Technology, CCTV & Digital Security Surveillance, Wireless Technology.) | PDFDS (D07) | 1 Year | SSLC | 28000/-<br>10000/- + 9000X2<br>( In alternate months ) |


**ഇന്ത്യക്കകത്തും, ഗൾഫ്, മറ്റു വിദേശരാജ്യങ്ങളിലുമായി**

**കമ്പ്യൂട്ടർ ഹാർഡ്വെയർ** | **ഫൈബർ ഒപ്റ്റിക്സ്** | **CCTV** | **വയർലെസ്സ് നെറ്റ്വർക്ക്**

**രംഗത്ത് പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും അനേകായിരം തൊഴിലവസരങ്ങൾ**









**FIBRE OPTICS TECHNOLOGY**

**CCTV & DIGITAL SECURITY SYSTEMS**

**A+** | **N+** | **CWNA**


*Free Exam Guidelines

കേരള സർക്കാരിന്റെ ഒരു വർഷത്തെ തുടർവിദ്യാഭ്യാസ ടെക്നിക്കൽ ഡിപ്ലോമ കോഴ്സിന് അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ എത്രയും പെട്ടെന്ന് അപേക്ഷാ ഫോം ലഭിക്കുന്നതിനായി **www.ccekcampus.org** എന്ന **CCEK**-യുടെ വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കേണ്ടതാണ്.

**Helpline : 8606919314**




# തൊഴിൽ രംഗങ്ങളിൽ പുത്തനുണർവുമായി ഫൈബർ ഒപ്റ്റിക്സ്, നെറ്റ് വർക്കിംഗ് & ഡിജിറ്റൽ സെക്യൂരിറ്റി സിസ്റ്റം മേഖല.



ഇന്നത്തെ കമ്പ്യൂട്ടർ യുഗത്തിൽ ഇന്ത്യക്കകത്തും വിദേശരാജ്യങ്ങളിലുമുള്ള ഹോസ്പിറ്റലുകൾ, ഹോട്ടലുകൾ, റിസർച്ച് & ഡെവലപ്മെന്റ്, ബാങ്കിങ്, ടൂറിസം, വാർത്താവിനിമയ രംഗങ്ങളിൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ മേഖലയിൽ ലക്ഷക്കണക്കിന് തൊഴിലവസരങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. ഒരു സാധാരണ കമ്പ്യൂട്ടറിന്റെ അസ്സംബ്ലിങ്, റിപ്പയറിംഗ്, അഡ്മിനിസ്ട്രേഷൻ മുതൽ ഇത്തരത്തിൽ നിരവധി കമ്പ്യൂട്ടറുകളെ തമ്മിൽ ഇന്റർകണക്ട് ചെയ്ത് നിർമ്മിക്കുന്ന ലോക്കൽ ഏരിയ നെറ്റ്‌വർക്ക് (LAN) കളെക്കുറിച്ച് അറിവുള്ള സിസ്റ്റം എഞ്ചിനിയേഴ്സിനും, സിസ്റ്റം അഡ്മിനിസ്ട്രേറ്റേഴ്സിനും, നെറ്റ്‌വർക്ക് അഡ്മിനിസ്ട്രേറ്റേഴ്സിനുമാണ് ലോകത്തെമ്പാടും തൊഴിലവസരങ്ങളുള്ളത്.

എന്നാൽ പുതിയ ടെക്നോളജികളായ ഫൈബർ ഒപ്റ്റിക്സ് ടെക്നോളജിയും വയർലെസ്സ് ടെക്നോളജിയും ടെലികമ്മ്യൂണിക്കേഷൻ രംഗത്തെത്തിയതോടുകൂടി ഇന്ത്യക്കകത്തും, ഗൾഫ് മറ്റു യൂറോപ്യൻ രാഷ്ട്രങ്ങളിലുമുള്ള കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്കുകളും കമ്പ്യൂട്ടർ നെറ്റ്‌വർക്കുകളും ഹൈ സ്പീഡ് ഫൈബർ ഒപ്റ്റിക്സ് ആൻഡ് വയർലെസ്സ് നെറ്റ്‌വർക്കുകളിലേക്ക് മാറിക്കൊണ്ടിരിക്കുന്ന ഒരു വിപ്ലവം തന്നെയാണ് ആധുനിക വ്യവസായ ലോകത്ത് ഉണ്ടായത്. പഴയ കോപ്പർ കേബിളുകൾക്കു പകരം ഒരു തലമുടി നാരിഴയേക്കാൾ ചെറിയ ഫൈബർ കേബിളുകളിലൂടെ പ്രകാശവേഗതയിൽ ഇൻഫർമേഷൻസ് ദീർഘ ദൂരം വളരെ സുരക്ഷിതമായി എത്തിക്കാൻ കഴിയുന്ന ഫൈബർ ഒപ്റ്റിക്സ് ടെക്നോളജിയുടെയും, കേബിളുകൾ ഇല്ലാതെ കമ്പ്യൂട്ടറുകളെയും മറ്റു ഡിവൈസുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന വയർലെസ്സ് ടെക്നോളജിയുടെയും കടന്നുവരവോടെ കമ്പ്യൂട്ടർ നെറ്റ്‌വർക്ക് എഞ്ചിനീയറിംഗ്, മെഡിക്കൽ, ഡിഫെൻസ്, ടെലികമ്മ്യൂണിക്കേഷൻ, ബ്രോഡ്കാസ്റ്റിംഗ്, **CATV**, **HDTV** തുടങ്ങിയ എല്ലാ രംഗങ്ങളിലും ഫൈബർ ഒപ്റ്റിക്സ് ടെക്നോളജിയും, വയർലെസ്സ് ടെക്നോളജിയും ഉപയോഗപ്പെടുത്തി കഴിഞ്ഞു.




അതുകൊണ്ടുതന്നെ ഇന്നത്തെ **IT** ഇൻഡസ്ട്രിയിലെ ഉയർന്ന തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനായി പഴയ കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്കിംഗ് കോഴ്സുകൾ പഠിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ഫൈബർ ഒപ്റ്റിക്സ് ആൻഡ് വയർലെസ്സ് നെറ്റ്‌വർക്ക് എഞ്ചിനീയറിംഗ് തുടങ്ങിയ അഡ്വാൻസ്ഡ് ടെക്നോളജികളിൽ വിദ്യാർത്ഥികൾ പ്രാവീണ്യം നേടേണ്ടത് തികച്ചും അത്യന്താപേക്ഷിതമായ കാര്യം തന്നെയാണ്.

**1). കേരള ഗവൺമെന്റിന്റെ ഹാർഡ്‌വെയർ, നെറ്റ്‌വർക്കിംഗ്, ഫൈബർ ഒപ്റ്റിക്സ് മേഖലയിലുള്ള തുടർവിദ്യാഭ്യാസ പ്രൊഫഷണൽ ഡിപ്ലോമ കോഴ്സ് ആർക്കെല്ലാം പഠിക്കുവാൻ സാധിക്കും?**

കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്കിംഗ് മേഖലയിൽ ആദ്യമായി കടന്നു വരുന്ന SSLC പാസ്സായ സാധാരണ വിദ്യാർത്ഥികൾക്ക് പോലും വളരെ എളുപ്പത്തിൽ പഠിക്കുവാൻ സാധിക്കുന്ന രീതിയിൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ മേഖലയിൽ അറിഞ്ഞിരിക്കേണ്ട ഏറ്റവും അടിസ്ഥാന കാര്യങ്ങളായ കമ്പ്യൂട്ടർ അസ്സംബ്ലിങ്, ഓപ്പറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റാലേഷൻ, കമ്പ്യൂട്ടർ റിപ്പയറിംഗ്, വിൻഡോസ് ആൻഡ് ലിനക്സ് പ്ലാറ്റ്ഫോമിലുള്ള ലോക്കൽ ഏരിയ നെറ്റ്‌വർക്ക് തുടങ്ങിയ കാര്യങ്ങൾക്കു പുറമെ ആധുനിക ലോകത്ത് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങളുള്ള ഏറ്റവും പുതിയ ടെക്നോളജികളിൽ ഫൈബർ ഒപ്റ്റിക്സ് നെറ്റ്‌വർക്കുകളുടെയും, വയർലെസ്സ് നെറ്റ്‌വർക്കുകളുടെയും

**കോഴ്സ് വിജയകരമായി പൂർത്തിയാക്കുമ്പോൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന പ്രൊഫഷണൽ ഡിപ്ലോമ സർട്ടിഫിക്കറ്റിൽ കേരള സർക്കാരിന്റെ മുദ്ര ആലേഖനം ചെയ്തിട്ടുണ്ടാകുമോ ?**

തീർച്ചയായും, ഒരു വർഷത്തെ പ്രൊഫഷണൽ ഡിപ്ലോമ ടെക്നിക്കൽ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റിൽ കേരള സർക്കാരിന്റെ മുദ്ര ആലേഖനം ചെയ്തിട്ടുണ്ടായിരിക്കുന്നതാണ്. മാത്രമല്ല വിദ്യാർത്ഥികൾക്ക് നൽകുന്ന സർട്ടിഫിക്കറ്റിൽ പ്രത്യേക Authentication Code ഉം ആലേഖനം ചെയ്തിട്ടുള്ളതിനാൽ സർട്ടിഫിക്കറ്റിന് ലോകത്തെവിടെ നിന്നും ഓൺലൈൻ വെരിഫിക്കേഷൻ ലഭിക്കുന്നതാണ് .

**Helpline : 8606919314**

ഇൻസ്റ്റാലേഷൻ, കോൺഫിഗറേഷൻ, അഡ്മിനിസ്ട്രേഷൻ കൂടാതെ **CCTV** തുടങ്ങിയ മേഖലകളിൽ അഡ്വാൻസ്ഡ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് **PDFDS** കോഴ്സിന്റെ ഭാഗമായി പഠിക്കുവാൻ സാധിക്കുന്നതാണ്.

**2). കോഴ്സിന് ചേർന്ന വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ എന്ന് മുതലാണ് ആരംഭിക്കുന്നത് ?**

അഡ്മിഷൻ സമയത്ത് Rs.5000 അടച്ച്, രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ ബാച്ചുകൾ തരം തിരിച്ചതിനു ശേഷം, വിദ്യാർത്ഥികളെ ഫോൺ, വെബ്സൈറ്റിലെ സ്റ്റുഡന്റ് അക്കൗണ്ട് (www.student.ccekcampus.org), ഇ-മെയിൽ എന്നിവ മുഖേന അറിയിക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ഇത്തരത്തിലുള്ള അറിയിപ്പുകൾ ഒരാഴ്ചക്കുള്ളിൽ ലഭിക്കാത്ത പക്ഷം അപേക്ഷാ ഫോം സമർപ്പിച്ച കോളേജിലെ തുടർവിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഓഫീസിലോ താഴെ പറയുന്ന ഹെൽപ്പ് ലൈൻ നമ്പറുമായോ ബന്ധപ്പെട്ട് ക്ലാസ്സ് തുടങ്ങുന്ന തിയ്യതി വിദ്യാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

ക്ലാസ്സ് തുടങ്ങുന്നതിനുമുൻപായി ഫീസിന്റെ ആദ്യ ഗഡുവായ Rs.10000 രൂപയിൽ ബാക്കി ഫീസ് Rs.5000 അടച്ച്, വിദ്യാർത്ഥികൾ രസീത് കൈപ്പറ്റേണ്ടതാണ്. തുടർന്ന് ഒന്നിടവിട്ട മാസങ്ങളിൽ Rs .9000 പ്രകാരം 2 തവണകളിലായി ഫീസ് മുഴുവനും അടച്ചുതീർക്കേണ്ടതാണ്.

**3). കോഴ്സിന് അഡ്മിഷൻ നേടുവാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ പാലിക്കേണ്ട നടപടിക്രമങ്ങൾ ?**

അഡ്മിഷൻ ലഭിക്കുന്നതിനായി വിദ്യാർത്ഥികൾ അപേക്ഷാ ഫോം **www.ccekcampus.org** എന്ന CCEKയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ മേൽവിലാസത്തിലേക്ക് തപാൽ മാർഗ്ഗത്തിൽ രജിസ്റ്റേർഡ് പോസ്റ്റ് ആയി **(The State Co-ordinator, Centre for Continuing Education Kerala, Anathara Lane, Charachira, Kowdiar P.O, Thiruvananthapuram, Kerala , Pin : 695003)** അപേക്ഷാ ഫോമുകൾ വിദ്യാർത്ഥികൾ സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷാ ഫോമുകൾ വിദ്യാർത്ഥികൾ തപാൽ മാർഗ്ഗത്തിൽ അയക്കുമ്പോൾ കവറിനു മുകളിലായി **"CCEK-NSDC കോഴ്സിനുള്ള അപേക്ഷാഫോം"** എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

**4). ഈ ടെക്നിക്കൽ കോഴ്സ് പാർട്ട് ടൈം ആയി പഠിച്ച് പ്രൊഫഷണൽ ഡിപ്ലോമ സർട്ടിഫിക്കേഷൻ നേടാൻ സാധിക്കുമോ ?**

തീർച്ചയായും, ഇപ്പോൾ ടെക്നിക്കൽ മേഖലയിൽ അടിസ്ഥാന അറിവുപോലുമില്ലാതെ വിവിധ അക്കാദമിക്ക് കോഴ്സുകൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും, ഇപ്പോൾ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് ഇല്ലാതെ വിവിധ മേഖലകളിൽ ജോലി ചെയ്തുവരുന്നവർക്കും Morning / Evening ബാച്ചുകളായോ Saturday / Sunday ബാച്ചുകളായോ ഈ ടെക്നിക്കൽ കോഴ്സ് പാർട്ട് ടൈം ആയി പഠിക്കുവാനും, കേരള ഗവൺമെന്റ് അംഗീകൃത പ്രൊഫഷണൽ ഡിപ്ലോമ സർട്ടിഫിക്കറ്റ് നേടുവാനും സാധിക്കുന്നതാണ്.

**5). NSDC സർട്ടിഫിക്കേഷൻ** :

CCEK- യുടെ ഒരു വർഷത്തെ പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സുമായി ബന്ധപ്പെട്ട NSDC ജോബ് റോളുകൾക്കനുസൃതമായ ക്വാളിഫിക്കേഷൻ പായ്ക്കുകളിൽ കാലാകാലങ്ങളിൽ NSDC നിഷ്കർഷിക്കുന്ന അസെസ്മെന്റ് ഫീസ് അടക്കമുള്ള വിവിധ നിബന്ധനകൾക്ക് വിധേയമായി NSDC സർട്ടിഫിക്കേഷൻ നേടാവുന്നതാണ്. NSDC-യുടെ സർട്ടിഫിക്കറ്റ് ഫോർമാറ്റ്, അസെസ്മെന്റ് രീതികൾ, അസെസ്മെന്റ് ഫീസ് (കോഴ്സ് ഫീസിന് പുറമെ), ജോബ് റോളുകൾക്കനുസൃതമായ ക്വാളിഫിക്കേഷൻ പായ്ക്കുകൾ തുടങ്ങിയ കാര്യങ്ങളെല്ലാം തന്നെ കാലാകാലങ്ങളിൽ NSDC നിഷ്കർഷിക്കുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും. CCEK സർട്ടിഫിക്കേഷനും, NSDC സർട്ടിഫിക്കേഷനും ഉപരിയായി NSDC-TP യുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് തൊഴിൽ നേടാൻ സഹായകരമായ രീതിയിൽ കോഴ്സുമായി ബന്ധപ്പെട്ട് ഏതെങ്കിലും ക്വാളിഫിക്കേഷൻ പായ്ക്കുകളിൽ NSDC-യുടെ നിബന്ധനകൾക്ക് വിധേയമായി, സെൽഫ് അസെസ്മെന്റ് നടത്തി സർട്ടിഫിക്കേഷൻ നൽകുന്ന പക്ഷം, ഏതെങ്കിലും രീതിയിലുള്ള അസെസ്മെന്റ് ഫീസോ, സർട്ടിഫിക്കേഷൻ ചാർജുകളോ വിദ്യാർത്ഥികളിൽ നിന്നും കോഴ്സ് ഫീസിന് പുറമെ ഈടാക്കുന്നതല്ല. ഇത്തരത്തിൽ NSDC-TP യുടെ നേതൃത്വത്തിൽ സൗജന്യമായി സെൽഫ് അസെസ്മെന്റ് നടത്തി വിദ്യാർത്ഥികൾക്ക് നൽകുന്ന സർട്ടിഫിക്കേഷൻ പൂർണ്ണമായും കാലാകാലങ്ങളിൽ NSDC നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിരിക്കും. സർട്ടിഫിക്കറ്റിൽ പ്രതിപാദിച്ചിട്ടുള്ള കാലാവധി (DURATION) CCEK കോഴ്സിന്റെ കാലാവധിയുമായി ഒരു തരത്തിലുള്ള ബന്ധവും ഉണ്ടായിരിക്കുന്നതല്ല, പകരം വിദ്യാർത്ഥി പഠിച്ച കോഴ്സുമായി ബന്ധപ്പെട്ട NSDC ജോബ് റോളുകൾക്ക് (QP-കൾ) അനുസൃതമായ കാലാവധി മാത്രമായിരിക്കും സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നത്. വിദ്യാർത്ഥികൾക്ക് തൊഴിൽ നേടാൻ സഹായകമാകുന്ന ഇത്തരം സൗജന്യ സേവനങ്ങൾ കാലാകാലങ്ങളിൽ NSDC-TP നിഷ്കർഷിക്കുന്ന നിബന്ധനകൾക്ക് പൂർണമായും വിധേയമായിരിക്കും.

**6). SC/ST/BPL/SEBC/OEC വിദ്യാർത്ഥികൾക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാണോ ?**

ഒരു തുടർവിദ്യാഭ്യാസ ഉപകേന്ദ്രത്തിൽ ആരംഭിച്ചിട്ടുള്ള ഓരോ കോഴ്സിനും അനുവദിച്ചിട്ടുള്ള മൊത്തം സീറ്റുകളുടെ 10% പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തിട്ടുണ്ട്. കൂടാതെ ഓരോ കോഴ്സിനും മൊത്തം അനുവദിച്ചിട്ടുള്ള സീറ്റിന്റെ 5% SEBC/OEC വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും 5% BPL വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും സംവരണം ചെയ്തിട്ടുണ്ട്. എന്നാൽ സംവരണ സീറ്റിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ പ്രവേശനം പൂർണ്ണമായും Index Mark-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് അനുസൃതമായിരിക്കും നടപ്പിലാക്കുന്നത്.

- Index Mark- ന്റെ അടിസ്ഥാനത്തിൽ സംവരണ സീറ്റുകളിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസിൽ 50% ഇളവ് ലഭിക്കുന്നതാണ്.
- കോഴ്സിന് അഡ്മിഷൻ നേടുന്നതിനായി പൂരിപ്പിച്ച അപേക്ഷാ ഫോം മാത്രമേ വിദ്യാർത്ഥികൾ CCEK യിലേക്ക് തപാൽ മുഖേന രജിസ്റ്റേർഡ് പോസ്റ്റായി അയക്കേണ്ടതുള്ളൂ. കോഴ്സിന് അഡ്മിഷൻ നേടുന്നതിനുള്ള യോഗ്യത തെളിയിക്കുന്നതിനാവശ്യമായ എലിജിബിലിറ്റി സർട്ടിഫിക്കറ്റുകൾ, കോളേജുകളിൽ പ്രസ്തുത ഡോക്യുമെന്റുകളുടെ വെരിഫിക്കേഷൻ നടത്തുന്നതിനുവേണ്ടിയുള്ള തിയ്യതികൾ വിദ്യാർത്ഥികളെ ഔദ്യോഗികമായി ഫോൺ/ ഇ-മെയിൽ/ വെബ്സൈറ്റ് (www.ccekcampus.org) എന്നിവയിൽ ഏതെങ്കിലും മുഖേന അറിയിക്കുന്ന സമയത്ത് മാത്രമേ പരിശോധനക്കായി വിദ്യാർത്ഥികൾ ഹാജരാക്കേണ്ടതുള്ളൂ. സംവരണ സീറ്റുകളിലേക്ക് അപേക്ഷിക്കേണ്ട അവസാന തിയ്യതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല, കൂടാതെ സംവരണ സീറ്റുകളിലേക്ക് ലഭിക്കുന്ന അപേക്ഷകൾ അപൂർണ്ണമാണെങ്കിലും അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**SC / ST കാറ്റഗറി വിദ്യാർത്ഥികൾ കൊണ്ടുവരേണ്ടത്** :
- 2 പാസ്പോർട്ട് സൈസ് ഫോട്ടോയും 2 സ്റ്റാമ്പ് സൈസ് ഫോട്ടോയും. ● SSLC സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് കോപ്പിയും, മാർക്ക് ലിസ്റ്റും.
- കാലാവധി തീരാത്ത ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ.

**SEBC / OEC കാറ്റഗറി വിദ്യാർത്ഥികൾ കൊണ്ടുവരേണ്ടത്** :
- 2 പാസ്പോർട്ട് സൈസ് ഫോട്ടോയും 2 സ്റ്റാമ്പ് സൈസ് ഫോട്ടോയും. ● SSLC സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് കോപ്പിയും, മാർക്ക് ലിസ്റ്റും
- പ്രസ്തുത വിദ്യാർത്ഥി SEBC / OEC കാറ്റഗറിയിലാണെന്ന് തെളിയിക്കുന്ന കാലാവധി തീരാത്ത സർട്ടിഫിക്കറ്റ്.

**BPL കാറ്റഗറി വിദ്യാർത്ഥികൾ കൊണ്ടുവരേണ്ടത്** :
- 2 പാസ്പോർട്ട് സൈസ് ഫോട്ടോയും 2 സ്റ്റാമ്പ് സൈസ് ഫോട്ടോയും.● SSLC സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് കോപ്പിയും, മാർക്ക് ലിസ്റ്റും
- പ്രസ്തുത വിദ്യാർത്ഥി BPL ആണെന്ന് തെളിയിക്കുന്ന റേഷൻ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി.
- പ്രസ്തുത കോഴ്സിന് സംവരണം ലഭിക്കുന്നതിലേക്കായി നേടിയിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ അസ്സൽ കോപ്പി.

സംവരണ സീറ്റുകളിലേക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷാഫോമുകളും അനുബന്ധ രേഖകളും പരിശോധിച്ച് Rank List-ന്റെ അടിസ്ഥാനത്തിൽ അർഹതയുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് പ്രസ്തുത ലിസ്റ്റ് **www.ccekcampus.org** എന്ന വെബ്സൈറ്റിലും, കോളേജിലെ തുടർവിദ്യാഭ്യാസ കേന്ദ്രത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നതാണ്. ഈ സംവരണ ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ഫീ കൺസെഷൻ ലഭിക്കുകയുള്ളു. സംവരണത്തിനർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം ഏതെങ്കിലും തരത്തിൽ പരാതിയുള്ളവർ പ്രസ്തുത പരാതി കാരണ സഹിതം 5 പ്രവർത്തി ദിവസത്തിനുള്ളിൽ തുടർവിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഓഫീസിൽ രേഖാമൂലം സമർപ്പിക്കേണ്ടതാണ്. സംവരണ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ വിദ്യാർത്ഥികൾ നിഷ്കർഷിച്ചിട്ടുള്ള അഡ്മിഷൻ തിയ്യതിയിൽ തന്നെ നിർബന്ധമായും എൻറോൾമെന്റ് നടത്തേണ്ടതാണ്. അല്ലാത്ത പക്ഷം സംവരണ വെയ്റ്റിംഗ് ലിസ്റ്റിൽ നിന്നും ക്രമമനുസരിച്ച് അർഹരായ മറ്റു വിദ്യാർത്ഥികളെ പ്രവേശനത്തിന് പരിഗണിക്കുന്നതാണ്. സംവരണാടിസ്ഥാനത്തിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ എത്രയും പെട്ടെന്ന് അവർക്ക് ലഭിച്ചിട്ടുള്ള ഫീസ് കാർഡ് തുടർവിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഓഫീസിൽ ക്ലാസ്സ് തുടങ്ങുന്നതിനുമുൻപായി സമർപ്പിച്ച് സംവരണാനുകൂല്യം ഫീസ് കാർഡിൽ സീൽ ചെയ്ത് വാങ്ങേണ്ടതാണ്.

**Helpline : 8606919314**